**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 373** **19-03-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധന മേഖലയെ ആധുനികവത്ക്കരിക്കാൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം നൗഷാദ് ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യബന്ധന മേഖലയെ ആധുനികവത്ക്കരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | മത്സ്യബന്ധന മേഖലയെ ആധുനികവത്ക്കരിക്കുന്നതിന് മത്സ്യബന്ധനവകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, സാഫ്, മത്സ്യഫെഡ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി വിവിധ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>മത്സ്യബന്ധനവകുപ്പ്</u>** :-<br><br>1. സമുദ്ര മത്സ്യബന്ധന യാനങ്ങളുടെ നിരീക്ഷണത്തിനും നിയന്ത്രണത്തിനുമായി ദേശീയ വെസൽ കമ്മ്യൂണിക്കേഷൻ ആൻഡ് സപ്പോർട്ട് സിസ്റ്റത്തിന്റെ ഭാഗമായി സംസ്ഥാനത്ത് 3563 യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളിലും (Motorised Mechanised) 2437 യന്ത്രവത്കൃതമല്ലാത്ത മത്സ്യബന്ധന യാനങ്ങളിലും (Motorised) ഉൾപ്പെടെ ആദ്യഘട്ടത്തിൽ ആകെ 6000 മത്സ്യബന്ധനയാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്ന 22.66 കോടി രൂപയുടെ PMMSY പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിൽ 13.599കോടി രൂപ കേന്ദ്ര വിഹിതവും 9.066 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. മുനമ്പം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന 10 യന്ത്രവത്കൃത യാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിച്ചു. ബാക്കിയുള്ള യാനങ്ങളിൽ ഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>2. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുഗമമായ മത്സ്യബന്ധനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ മത്സ്യബന്ധന |

ബോട്ടുകളുടെ ആധുനികവല്ക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി 2023-24 സാമ്പത്തിക വർഷം മരത്തടിയിൽ നിർമ്മിച്ചതും കാലപ്പഴക്കം ചെന്നതുമായ 30 യാനങ്ങളെ സ്റ്റീൽ നിർമ്മിതമായ യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളായി മാറ്റുന്നതിന്/ നവീകരിക്കുന്നതിന് 9 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിരുന്നു. സ്വന്തം നിലയിൽ മത്സ്യബന്ധന യാനങ്ങൾ മാറ്റുന്നതിനോ നവീകരിക്കാനോ കഴിയാതെ ദൈനംദിന ഉപജീവനത്തിനായി ഇത്തരം മത്സ്യബന്ധന യാനങ്ങൾ ഉപയോഗിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതിയിലൂടെ പ്രയോജനം ലഭിക്കുന്നത്. 50% നിരക്കിൽ പരമാവധി 15.00 ലക്ഷം രൂപ വരെ ഒരു യൂണിറ്റിന് സബ്സിഡി നൽകുന്ന പ്രസ്തുത പദ്ധതിയിൽ 23 പേർ ഗുണഭോക്താക്കളാകുകയും 12 യാനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവ പൂർത്തീകരിച്ചു വരുന്നു.

3. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടം ഘട്ടമായി സുരക്ഷിതമായ ആധുനിക യന്ത്രവൽകൃത ആഴക്കടൽ മത്സ്യബന്ധന രീതിയിലേക്ക് പരിവർത്തനം ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതിയായ PMMSY യിൽ ഉൾപ്പെടുത്തി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 15 കോടി രൂപയുടെ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ PMMSY 2023-24 -ൽ ഉൾപ്പെടുത്തി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അനുവദിക്കുന്നതിനുള്ള 12 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭ്യമാവുകയും പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
4. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ FRP യാനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടു കൂടി 320 FRP യാനങ്ങൾ യൂണിറ്റൊന്നിന് 2 ലക്ഷം രൂപ നിരക്കിൽ നീലവിപ്ലവം പദ്ധതി പ്രകാരം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2021-22, 2022-23

സാമ്പത്തിക വർഷങ്ങളിൽ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് 200 FRP യാനങ്ങൾ, (എൻജിനുകൾ, വല എന്നിവ ഉൾപ്പെടെ) യൂണിറ്റൊന്നിന് 5 ലക്ഷം രൂപ നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതിക്ക് അംഗീകാരം നൽകി പൂർത്തീകരിച്ചു.

5. മണ്ണെണ്ണയുടെ വിലവർദ്ധനവും, ലഭ്യതക്കുറവും, മണ്ണെണ്ണ ഉപയോഗം മൂലം ഉണ്ടാകുന്ന മലിനീകരണവും പരിഗണിച്ച് മത്സ്യബന്ധന യാനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സുസ്ഥിര മത്സ്യബന്ധന സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി മണ്ണെണ്ണയ്ക്ക് പകരം പെട്രോൾ, LPG, ഡീസൽ, തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ മത്സ്യബന്ധനമേഖലയിൽ പരിചയപ്പെടുത്തുകയും വ്യാപകമാക്കുകയും ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നു.
6. 1000 മണ്ണെണ്ണ എഞ്ചിനുകൾ 50% സബ്സിഡിയോടുകൂടി (പരമാവധി 50,000/- രൂപ) പെട്രോൾ എഞ്ചിനുകളാക്കി മാറ്റുന്നതിന് 2023-24 സാമ്പത്തിക വർഷം 1000 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുകയും ആയത് പ്രകാരം മത്സ്യഫെഡ് മുഖാന്തരം നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയിൽ ഇതിനകം 377 പേർ പദ്ധതിയുടെ ഗുണഭോക്താക്കളായിട്ടുമുണ്ട്. ഇത്തരത്തിൽ 5 വർഷത്തിനുള്ളിൽ മണ്ണെണ്ണ ഇന്ധനം ഉപയോഗിക്കുന്ന എല്ലാ ഒ.ബി.എമ്മുകളും ഘട്ടം ഘട്ടമായി പെട്രോൾ അല്ലെങ്കിൽ എൽ. പി. ജി. ഇന്ധനം ഉപയോഗിക്കുന്ന ഒ.ബി.എമ്മുകളാക്കി മാറ്റുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.
7. മത്സ്യബന്ധന യാനങ്ങളുടെ ആധുനികവത്കരണം പദ്ധതിയിൽ ഉൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഫിഷ് ഫൈൻഡർ ഉള്ള Mounted type GPS കൾ വിതരണം ചെയ്തിട്ടുണ്ട്. നൂതനമായ സോണാർ സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന GPS കൾ മത്സ്യങ്ങളുടെ സാന്നിധ്യം കൃത്യമായി കണ്ടുപിടിക്കാൻ സഹായിക്കുന്നതിലൂടെ ഇന്ധനം ലാഭിക്കുന്നതിനും കൂടുതൽ മത്സ്യം ലഭിക്കുന്നതിനും സഹായിക്കുന്നു. 2017-18

വർഷം മുതൽ കടൽ സുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി 2295 എണ്ണം Hand held ജി.പി.എസ്സും 1473 Mounting Type ജി.പി.എസ്സുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുസ്ഥിരവും സുരക്ഷിതവുമായ മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് 2023-24 836 VHF-കളും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

8. പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിലേക്കും അതുവഴി ആഴക്കടലിൽ നിന്നുള്ള അധിക വിഭവങ്ങൾ പരമ്പരാഗത മേഖലയ്ക്ക് പ്രയോജനപ്പെടുത്തുന്നതിലേക്കുമായി 114 പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിനു അനുയോജ്യമായ വിവിധതരം ചൂണ്ടകളും നൂലും നൽകുന്ന പദ്ധതി നടപ്പിലാക്കി.
9. ബോട്ടം ട്രോൾ നെറ്റുകളിൽ TED (Turtle Excluder Device) നിർബ്ബന്ധമാക്കിക്കൊണ്ട് കെ. എം. എഫ്. ആർ. റൂൾ ഭേദഗതി ചെയ്തിട്ടുണ്ട്. CIFT വികസിപ്പിച്ചെടുത്തിട്ടുള്ള ടി ഉപകരണങ്ങൾ ട്രോൾ നെറ്റുകളിൽ ഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പരിശീലന പരിപാടികൾ MPEDA-NETFISH-ന്റെ നേതൃത്വത്തിൽ ജില്ലകളിൽ നടത്തിയിട്ടുണ്ട്. ട്രോൾ നെറ്റുകളിൽ TEDഘടിപ്പിക്കുന്നതു മത്സ്യബന്ധന സമയത്ത് ബൈക്യാച്ച് കുറയ്ക്കുന്നതിനും, ഇന്ധന ക്ഷമത കൂട്ടുന്നതിനും അതുവഴി വലയിൽ ലഭിക്കുന്ന മത്സ്യത്തിന്റെ അളവ് കൂട്ടി മത്സ്യബന്ധനം ലാഭകരമാക്കാൻ സഹായിക്കുന്നു.
10. തീരത്തെ അശാസ്ത്രീയ മത്സ്യബന്ധനം നിയന്ത്രിച്ച് വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം ഒഴിവാക്കുന്നതിനും ചെറുമത്സ്യങ്ങൾ വലകളിൽ അകപ്പെട്ട് മത്സ്യസമ്പത്ത് ശോഷിക്കുന്നത് തടയുന്നതിലേക്കുമായി കെ.എം.എഫ്.ആർ. നിയമം 2017-ൽ കാലോചിതമായി പരിഷ്കരിക്കുകയും 2018-ൽ പുതിയ കെ.എം.എഫ്.ആർ. റൂൾ നടപ്പാക്കുകയും ചെയ്തതിന്റെ ഭാഗമായി ട്രോൾ നെറ്റുകളുടെ കോഡ് എൻറിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കുകയും 2019-20 സാമ്പത്തിക

വർഷം മുതൽ മത്സ്യത്തൊഴിലാളികൾക്ക് സ്ക്വയർ മെഷ് കോഡ് എൻഡ് വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിവരുകയും ചെയ്യുന്നു

**<u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് :-</u>** മത്സ്യബന്ധന തുറമുഖങ്ങളുടെ ആധുനികവൽക്കരണത്തിന് അഞ്ച് പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

a. മലപ്പുറം ജില്ലയിലെ പൊന്നാനി ഫിഷിംഗ് ഹാർബറിന്റെ ആധുനിക വൽക്കരണത്തിനായി 18.73 കോടി രൂപയുടെ ഭരണാനുമതി നൽകി. പ്രവൃത്തിയുടെ ഘടകങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

b. കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഫിഷിംഗ് ഹാർബറിന്റെ ആധുനിക വൽക്കരണത്തിനായി 16.06 കോടി രൂപയുടെ ഭരണാനുമതി നൽകി. പ്രവൃത്തിയുടെ ഘടകങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

c. കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ ആധുനിക വൽക്കരണത്തിനായി 20.90 കോടി രൂപയുടെ ഭരണാനുമതി നൽകി. പ്രവൃത്തിയുടെ ഘടകങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

d.കാസർഗോഡ് ഫിഷിംഗ് ഹാർബറിലെ വിപുലീകരണത്തിനും ആധുനിക വൽക്കരണത്തിനുമായി 70.53 കോടി രൂപയുടെ ഭരണാനുമതി നൽകി. പ്രവൃത്തിയുടെ ഘടകങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

e. തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴി ഫിഷിംഗ് ഹാർബറിന്റെ വിപുലീകരണത്തിനും ആധുനിക വൽക്കരണത്തിനുമായി 177.00 കോടി രൂപയുടെ ഭരണാനുമതി നൽകി. പ്രവൃത്തി ഏർപ്പാടാക്കുന്നതിനുള്ള ദർഘാസ് നടപടികൾ സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്തെ മറ്റ് ഹാർബറുകളുടെ ആധുനിക വൽക്കരണത്തിനായി പദ്ധതി രൂപരേഖകൾ തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിന് വിധേയമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**<u>മത്സ്യഫെഡ്</u>** :-

മത്സ്യമേഖലയെ ആധുനികവൽക്കരിക്കുന്നതിന് മത്സ്യഫെഡ് ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ബ്ലൂ റെവല്യൂഷൻ പദ്ധതി - പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നാല് കോടി രൂപ അടങ്കൽ തുകയിൽ 200 മത്സ്യത്തൊഴിലാളികൾക്ക് രണ്ട് ലക്ഷം രൂപ വീതം വില വരുന്ന മറൈൻ പ്ലൈവുഡ് വള്ളങ്ങൾ വിതരണം ചെയ്തു.
2. പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതി - ഫൈബർ ഗ്ലാസ് വള്ളം, വല, എഞ്ചിൻ എന്നിവക്ക് 60 % വായ്പയോടും, 40 % സബ്സിഡിയോടും കൂടി 100 മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് അഞ്ച് ലക്ഷം രൂപ വീതം നൽകുന്നതിന് അഞ്ച് കോടി രൂപ അടങ്കൽ തുക വരുന്ന പദ്ധതി നടപ്പാക്കി പൂർത്തീകരിച്ചു.
3. Towing Tractor നൽകുന്ന പദ്ധതി - മത്സ്യബന്ധന യാനങ്ങൾ കടലിലേക്ക് ഇറക്കുന്നതിനും, കരയിലേക്ക് വലിച്ച് കയറ്റുന്നതിനും രണ്ട് സഹകരണ സംഘങ്ങൾക്ക് Towing Tractor നൽകുന്ന പദ്ധതി നടപ്പാക്കി. 33.34 ലക്ഷം രൂപ അടങ്കൽ തുകയിലുള്ള പദ്ധതി 75 % സബ്സിഡിയും 25 % ഗുണഭോക്തൃവിഹിതവുമായിട്ടാണ് പദ്ധതി നടപ്പാക്കിയത്. ഇതിലേക്ക് 25 ലക്ഷം രൂപ സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്.
4. NABARD RIDF പദ്ധതി - ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ മുളക്കുഴ കേന്ദ്രമാക്കി മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ യൂണിറ്റിന് 520 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
5. മത്സ്യം സംഭരിച്ച് കയറ്റുമതി ചെയ്യുന്നതിന് എറണാകുളം ജില്ലയിൽ പ്രവർത്തിച്ചു വരുന്ന മത്സ്യഫെഡ് - Matsyafed Ice & Freezing Plant (MIFP) ക്ക് NABARD RIDF പദ്ധതിയിൽ ഉൾപ്പെടുത്തി 774 ലക്ഷം രൂപയുടെ നവീകരണ പ്രവർത്തനങ്ങൾക്ക് അംഗീകാരം ലഭിച്ചു. പ്രവർത്തികൾ ആരംഭിച്ചു.
6. ഓഖി പുനരധിവാസ പദ്ധതി - തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ മത്സ്യബന്ധന ഉപകരണങ്ങളും കടൽ

സുരക്ഷാ ഉപകരണങ്ങളും വിതരണം ചെയ്തിട്ടുണ്ട്. ഇതിലേക്കായി 3,99,13,755 /- രൂപ ചെലവഴിച്ചു.

**സാഫ് :-**

മത്സ്യബന്ധന മേഖലയിലെ മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നതിനായി ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതി നടപ്പിലാക്കിവരുന്നു. ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ജില്ലകളിൽ നിന്ന് തിരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾ സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്യുന്നു. സംരംഭം ആരംഭിക്കുന്നതിനായി രണ്ട് ഘട്ടങ്ങളിലായാണ് ഗ്രാന്റ് അനുവദിക്കുന്നത്. സ്ഥിര ആസ്ഥിതികൾ വാങ്ങുന്നതിന് ഒന്നാംഗഡു ധനസഹായവും പ്രവർത്തന മൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിക്കുന്നു. ചെറുകിട സംരംഭങ്ങളുടെ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട മാർക്കറ്റ് കണ്ടെത്തുന്നതിന്റെ ഭാഗമായി നൂതന മാർക്കറ്റിങ്ങ് സംവിധാനങ്ങളെ കുറിച്ച് അവബോധം സൃഷ്ടിച്ച് അവ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരാക്കുന്നു. ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി മാർക്കറ്റിങ്ങും വിൽപ്പനയും മെച്ചപ്പെടുത്തുന്നതിനായി സാഫിന്റെ സപ്പോർട്ടിങ്ങ് ടീമിന്റെ സേവനം ലഭ്യമാക്കുന്നു. പുതിയ ടെക്നോളജിക്ക് അനുസരിച്ച് യൂണിറ്റുകളെ upgrade ചെയ്യുന്നതിനായി നൂതന ഉപകരണങ്ങളെ പറ്റി അവബോധം നൽകി ആവശ്യമായവ വാങ്ങുന്നതിന് ധനസഹായം നൽകുന്നു. ഉൽപ്പന്നങ്ങളുടെ Packing, Labeling എന്നിവ മെച്ചപ്പെടുത്തുന്നതിന് സഹായിക്കുന്നു. കൂടാതെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ താഴെ ചേർക്കുന്നു.

1. **Common Facility Centre & Producer Company** :- Fish & Fish Processing, Food & Food Processing, Tailoring & Garments ഉൾപ്പെടുന്ന യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾ ഉൾപ്പെടുത്തി ഓരോ കാറ്റഗറിക്കും ജില്ലാതലത്തിൽ പ്രത്യേക

ക്ലസ്റ്ററുകൾ രൂപീകരിച്ച് യൂണിറ്റുകൾ ഒരേതരത്തിലുള്ള ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഗുണനിലവാരം ഉറപ്പുവരുത്തി Common Facility Centre കളിൽ ശേഖരിച്ച് ഉൽപ്പന്നങ്ങൾ ആകർഷകമായ പാക്കിംഗിലും ബ്രാന്റിംഗിലും വിപണിയിൽ എത്തിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. Digital marketing, Online sales, Product Promotion എന്നിവ വിപുലപ്പെടുത്തി സാഫ് ഉൽപ്പന്നങ്ങൾ E-Commerce site കളിൽ ലഭ്യമാക്കുന്നതിനും ഉൽപ്പന്നങ്ങളുടെ ഒരു ഓൺലൈൻ സ്റ്റോർ ആരംഭിക്കാനും ലക്ഷ്യമിടുന്നു. കൂടാതെ ഉൽപ്പന്നങ്ങളുടെ ബ്രാന്റിംഗിനും ജനങ്ങളിലേക്ക് എത്തിക്കുന്നതിനും ഇതര സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്നതിനും Buyer Seller Meet കൾ സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു.

2. **<u>കടൽ കഫെ</u> :-** മത്സ്യവിഭവങ്ങൾക്ക് പ്രധാന്യം നൽകിക്കൊണ്ട് ഒരേ ബ്രാൻഡിൽ കടൽ കഫെ എന്ന പേരിൽ ഭക്ഷ്യ വിപണന ശൃംഖല ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. തീരദേശ ജില്ലകളിൽ ഒരു കേന്ദ്രീകൃത കിച്ചൻ സജ്ജമാക്കിക്കൊണ്ട് പ്രധാന ലോക്കേഷനുകളിൽ 25 – 30 Take – away കൗണ്ടറുകൾ ഒരുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഉപഭോക്താക്കളിലേക്ക് കടൽ കഫെ എത്തിക്കുന്നതിന്റെ ഭാഗമായി ആകർഷകമായും ഗുണനിലവാരത്തിലും Take – away കൗണ്ടറുകൾ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നു.

**<u>കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ</u> :-**

മത്സ്യമേഖലയെ ആധുനികവൽക്കരിക്കുന്നതിന് ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കിഫ്ബി ധനസഹായത്തോടെ 51 മത്സ്യമാർക്കറ്റുകൾ ആധുനികവൽക്കരിക്കുന്നതിന് 142.16 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകുകയും, പദ്ധതി പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പൂർത്തീകരിക്കുകയും ചെയ്തുവരുന്നു.

| | | | |
|---|---|---|---|
| | | | 2. കേന്ദ്ര- സംസ്ഥാന ധനസഹായത്തോടെ ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2016-17 വർഷത്തിൽ 356 ലക്ഷം രൂപ അടങ്കൽ തുകയിൽ കൊല്ലം ജില്ലയിൽ കരിക്കോട് മത്സ്യമാർക്കറ്റ്, 2017-18 വർഷത്തിൽ 159 ലക്ഷം രൂപ അടങ്കൽ തുകയിൽ മയ്യനാട് മത്സ്യമാർക്കറ്റ് നിർമ്മാണപദ്ധതിക്ക് അംഗീകാരം നൽകുകയും പദ്ധതി പൂർത്തിയാക്കി ഇത് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്.<br>3. നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന ഫണ്ട് ട്രാഞ്ചേ - 25 ൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ നെടുമൺകാവിൽ 502 ലക്ഷം രൂപയുടെ മത്സ്യ മാർക്കറ്റ് നിർമ്മാണത്തിന് അംഗീകാരം ലഭിച്ചു. പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരണഘട്ടത്തിലാണ്.<br>4. സംസ്ഥാന സർക്കാർ ധനസഹായത്തോടെ ആലപ്പുഴ ജില്ലയിലെ നൂറനാട് പടനിലം പ്രദേശത്ത് മത്സ്യ മാർക്കറ്റ് നവീകരണത്തിനായി 150 ലക്ഷം രൂപയുടെ അംഗീകാരം നൽകിയിരുന്നു. പദ്ധതി ദ്രുതഗതിയിൽ പൂർത്തീകരിച്ചുവരുന്നു.<br>5. കേന്ദ്ര- സംസ്ഥാന ധനസഹായത്തോടെ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിൽ ആലുവ മത്സ്യമാർക്കറ്റ് (അടങ്കൽതുക - 50 കോടി രൂപ), കോഴിക്കോട് ജില്ലയിൽ കോഴിക്കോട് മത്സ്യമാർക്കറ്റ് (അടങ്കൽതുക - 55.17 കോടി രൂപ) നിർമ്മാണ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>6. കൊല്ലം ശക്തികുളങ്ങരയിൽ പ്രവർത്തിച്ചുവരുന്ന മത്സ്യസംസ്കരണ യൂണിറ്റിൽ വൃത്തിയായ അന്തരീക്ഷത്തിൽ തികച്ചും ശുചിത്വപൂർണ്ണമായി വിവിധ മത്സ്യയിനങ്ങൾ സംസ്കരിച്ച് മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങളാക്കി വിവിധ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഉപഭോക്താക്കൾക്ക് എത്തിച്ചുവരുന്നു. ഇവിടെ നിന്ന് മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങൾ 'ഡ്രിഷ് കേരള' എന്ന |

| | | | |
|---|---|---|---|
| | | | ബ്രാന്റിൽ തദ്ദേശ വിപണിയിലും വിദേശ വിപണിയിലും എത്തിച്ചുവരുന്നു. |
| (ബി) | കൊല്ലം ആസ്ഥാനമായി ഒരു ആധുനിക മത്സ്യബന്ധന - സംസ്കരണ - വിപണന ഹബ് സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ കൊല്ലം ജില്ലയിലെ ശക്തികുളങ്ങരയിൽ ഒരു മത്സ്യസംസ്കരണ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഇവിടെ സാങ്കേതിക വിദ്യയുടെ സഹായത്തോടെ സംസ്കരിച്ച് സൗരോർജ്ജ ഡ്രൈയറിൽ ഉണക്കിയെടുക്കുന്ന ഗുണനിലവാരമുള്ള മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് എത്തിച്ചു നൽകുന്നു. ഇത് "Drish Kerala" ബ്രാന്റിൽ തദ്ദേശ വിപണികളിലും, വിദേശ വിപണികളിലും വിപണനം ചെയ്യുന്നു. പ്രത്യേകം പരിശീലനം ലഭിച്ച വനിതകൾ മുഖേനെയാണ് പ്ലാന്റിൽ ഉൽപ്പന്നനിർമ്മാണം നടത്തിവരുന്നത്. |
| (സി) | മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനും അവയെ ലോകനിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനും അവയെ ലോകനിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും മത്സ്യബന്ധന തുറമുഖങ്ങൾ ഗ്രീൻ/ബ്ലൂ സ്മാർട്ട് ഹാർബർ ആക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.<br>മത്സ്യബന്ധന തുറമുഖങ്ങൾ ഗ്രീൻ/ബ്ലൂ സ്മാർട്ട് ഹാർബർ മുഖേന ഉദ്ദേശിക്കുന്നത് നിലവിലെ ഊർജ്ജ സംവിധാനം പൂർണ്ണമായി സോളാർ/വിൻഡ് എനർജിയിലേക്ക് മാറ്റുക, മത്സ്യബന്ധന യാനങ്ങളിൽ ട്രാക്കിംഗ് സിസ്റ്റം (RFID)ഏർപ്പാടാക്കുക, മുഴുവൻ സമയം CCTV നിരീക്ഷണം ഏർപ്പാടാക്കുക, മത്സ്യത്തിന്റെ വിപണനം പൂർണ്ണമായും കമ്പ്യൂട്ടർ അധിഷ്ഠിത ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുക, ഹാർബറുകളിൽ മത്സ്യം കൈകാര്യം ചെയ്യുന്ന പ്രവൃത്തി പൂർണ്ണമായും യന്ത്രവൽക്കരണ സംവിധാനത്തിലേക്ക് മാറ്റുക, ഹാർബർ ശുചീകരണ പ്രവൃത്തികൾ പൂർണ്ണമായും യന്ത്രവൽക്കരിക്കുക, ഹാർബറിലുണ്ടാകുന്ന വേസ്റ്റ് നീക്കം ചെയ്യുന്നതിന് ETP ഏർപ്പെടുത്തുക എന്നിവയാണ്.<br><br>മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം ഗ്രീൻ-ബ്ലൂ പോർട്ടാക്കി നവീകരിക്കുന്ന പദ്ധതിക്ക് PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമായിട്ടുണ്ട്. കാസർകോഡ് ജില്ലയിൽ പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന അജാനൂർ മത്സ്യബന്ധന തുറമുഖത്തിന്റെ പദ്ധതി രൂപരേഖയിൽ ഗ്രീൻ/ബ്ലൂ ഘടകങ്ങൾ ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ നിലവിലെ ഹാർബറുകളും ഇനി |

| | | | |
|---|---|---|---|
| | | | നിർമ്മിക്കാനുദ്ദേശിക്കുന്ന ഹാർബറുകളും സ്മാർട്ട് & ഗ്രീൻ എന്ന രീതിയിൽ ആധുനിക സൗകര്യങ്ങളോടെ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (ഡി) | മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനും ഗുണമേന്മയോടെ ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനും ഗുണമേന്മയോടെ ഉപഭോക്താക്കൾക്ക് എത്തിച്ചു നൽകുന്നതിനും സർക്കാർ ധനസഹായത്തോട് കൂടി മത്സ്യബന്ധന വകുപ്പ്, സാഫ്, മത്സ്യഫെഡ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എന്നിവ വഴി വിവിധ പദ്ധതികൾ നടപ്പാക്കുന്നുണ്ട്.<br><br>**<u>മത്സ്യബന്ധന വകുപ്പ്</u>:-** മത്സ്യത്തൊഴിലാളികൾ പിടിച്ചു കൊണ്ടു വരുന്ന മത്സ്യം കേട്ടു കൂടാതെ സൂക്ഷിക്കുന്നതിനും മത്സ്യം കേടാകാതെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ 75% സബ്സിഡിയോടെ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. നാളിതുവരെ 3014 എണ്ണം ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ 9 തീരദേശ ജില്ലകളിലെ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു കഴിഞ്ഞു. 97 എണ്ണം ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ കൂടി വിതരണം ചെയ്യുന്നതിന് മത്സ്യഫെഡിന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്.<br><br>**<u>മത്സ്യഫെഡ്</u> :-** മത്സ്യം കൂടുതൽ ലഭ്യമായ കാലയളവിൽ മത്സ്യം സംഭരിക്കുന്നതിന് മത്സ്യഫെഡിന്റെ നിയന്ത്രണത്തിൽ 9 തീരദേശ ജില്ലയിലും മത്സ്യ സംഭരണ കേന്ദ്രങ്ങൾ (ബേസ് സ്റ്റേഷൻ) പ്രവർത്തിക്കുന്നുണ്ട്. സംഭരണ കേന്ദ്രങ്ങളിൽ മത്സ്യം സംഭരിച്ച് സൂക്ഷിക്കുന്നതിന് ഇൻസുലേറ്റഡ് ബോക്സുകൾ ലഭ്യമാണ്. ഇവിടെ നിന്ന് മത്സ്യം മത്സ്യഫെഡ് ഫിഷ് മാർട്ടുകളും, അന്തിപ്പച്ചയൂണിറ്റുകളും വഴി ഉപഭോക്താക്കൾക്ക് എത്തിച്ച് നൽകുന്നുണ്ട്. സംസ്ഥാന സർക്കാർ ധനസഹായത്തോടെ എയർകണ്ടീഷൻ സംവിധാനത്തോടു കൂടിയ 43 ഫിഷ് മാർട്ടുകളും, സഹകരണ ബാങ്ക്/സംഘവുമായി ചേർന്നുള്ള 17 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകളും, മത്സ്യഫെഡിന്റെ നിയന്ത്രണത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. കേരളത്തിൽ ലഭ്യമാകുന്ന മത്സ്യത്തിൽ മായത്തിന്റെയും രാസവസ്തുക്കളുടെയും സാന്നിദ്ധ്യം കൂടി വരുന്ന സാഹചര്യത്തിൽ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കി ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി മത്സ്യഫെഡിന്റെ "തീരത്തുനിന്നും മാർക്കറ്റിലേയ്ക്ക്" (Coast to Market) പദ്ധതിയുടെ ഭാഗമായി അന്നന്നുള്ള മത്സ്യം |

ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് മത്സ്യഫെഡ് 2017 മുതൽ സഞ്ചരിക്കുന്ന മത്സ്യവിപണനശാലയായ "അന്തിപച്ച യൂണിറ്റ്" പ്രവർത്തിച്ചുവരുന്നു. മത്സ്യഫെഡിന്റെ നിയന്ത്രണത്തിൽ നിലവിൽ 15 അന്തിപ്പച്ച യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

മത്സ്യബന്ധനമേഖലയിൽ നിന്ന് മത്സ്യം ശേഖരിച്ച് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി ചെങ്ങന്നൂർ മുളക്കുഴ കേന്ദ്രമാക്കി 5.2 കോടി രൂപ അടങ്കൽ തുക വരുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയ്ക്ക് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) യും, സെൻട്രൽ ട്യൂബർ ക്രോപ്പ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CTCRI) യും ആണ് സാങ്കേതിക സഹായം നൽകുന്നത്.

**<u>സാഫ്</u> :-** മത്സ്യം കേട്ടുകൂടാതെ സൂക്ഷിക്കുന്നതിനും ഗുണമേന്മയോട് കൂടി ഉപഭോക്താക്കൾക്ക് എത്തിച്ച് നൽകുന്നതിന് CIFT - മായി ചേർന്ന് ശീതീകരണ സംവിധാനത്തോട് കൂടിയ 20 മത്സ്യവിപണന കിയോസ്കുകൾ (Hygienic Refrigerated Mobile Fish Vending KIOSKS) മത്സ്യത്തൊഴിലാളി വനിതകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. സർക്കാർ ധനസഹായം 15.41 ലക്ഷം രൂപ പദ്ധതി പ്രവർത്തനത്തിനായി CIFT - ന് അനുവദിച്ചിട്ടുണ്ട്. ഇതുവഴി മത്സ്യം / മത്സ്യോൽപ്പന്നങ്ങൾ ഉയർന്ന നിലവാരത്തിൽ വിറ്റഴിക്കുന്നതിനും, മെച്ചപ്പെട്ട വരുമാനവും ഉൽപ്പന്നങ്ങൾക്ക് മികച്ച വിലയും ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണന കിയോസ്കുകൾ വിതരണം ചെയ്തിട്ടുണ്ട്.

കൊച്ചിൻ ഷിപ്പ് യാർഡിന്റെ സഹകരണത്തോടെ CIFT- രൂപകൽപ്പന ചെയ്ത 26 ഹൈജീനിക്ക് റെഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്കുകൾ സാഫിന്റെ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കി. ഇതിലേക്ക് ഗുണഭോക്തൃ വിഹിതമായി 11900 രൂപ ഗ്രൂപ്പുകളിൽ നിന്ന് ഈടാക്കിയാണ് പദ്ധതി നടപ്പാക്കുന്നത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് ജില്ലകളിലാണ് പദ്ധതി നടപ്പാക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. 20 കിയോസ്കുകൾ ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്.

ബാക്കി 5 കിയോസ്കുകൾ വിതരണത്തിന് സജ്ജമായിട്ടുണ്ട്.

ഹാർബറുകളിൽ നിന്ന് നേരിട്ട് മത്സ്യം ശേഖരിച്ച് ഗുണമേന്മയുള്ള മത്സ്യവും, മത്സ്യ ഉൽപ്പന്നങ്ങളും ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് SAF Fish & Fish Processing Groups Category Federation രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന ഫെഡറേഷന്റെ നിയന്ത്രണത്തിൽ Fish Booth, Dry Fish, Fish processing units, Pickle, Ornamental Fish, Clam Processing, Peeling shed, Fish manure എന്നിങ്ങനെ 309 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. സാഫ് വഴി ശേഖരിക്കുന്ന Prawns, Angovy, Sole Fish, Lizard fish, Shark, Silverbelly എന്നീ ഉണക്കമത്സ്യങ്ങൾ തീരമൈത്രി ബ്രാന്റിൽ വിപണിയിൽ ലഭ്യമാണ്. ഇത് കേന്ദ്ര ഏജൻസിയായ Central Institute of Fisheries Technology (CIFT) ൽ quality test നടത്തിയാണ് വിപണിയിൽ എത്തിക്കുന്നത്. ഈ ഉൽപ്പന്നങ്ങൾക്ക് Exporting quality ഉറപ്പുവരുത്തിയിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷത്തിൽ 500 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി മത്സ്യം ശേഖരിച്ച് വിവിധങ്ങളായ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 500 ലക്ഷം രൂപയുടെ പദ്ധതിക്ക് 12.07.2024 തീയതിയിലെ സ.ഉ.(സാധാ) 393/2024/മതുവ നം സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി വനിതകൾ ഉൾപ്പെടുന്ന ചെറുകിട സംരംഭങ്ങൾക്ക് പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്.

**<u>കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ</u> :-** ഗുണനിലവാരം ഉറപ്പാക്കിയ മൽസ്യം ഉപഭോക്താക്കളിൽ എത്തിക്കുന്നതിന് കഴിയുമാറ് മത്സ്യവിപണന മേഖലയെ ശാക്തീകരിക്കുന്നതിന് കിഫ്ബി, നബാർഡ്, ബ്ലൂ റെവലൂഷൻ, പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഉടനീളം 55 മത്സ്യവിപണന കേന്ദ്രങ്ങൾ നവീകരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ഇത് വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ഇവിടെ മത്സ്യം കേട്ടുകൂടാതെ സൂക്ഷിക്കുന്നതിന് Chill room സജ്ജീകരിക്കുന്നുണ്ട്. പദ്ധതി ദ്രുതഗതിയിൽ പൂർത്തീകരിച്ചുവരുന്നു.

മത്സ്യലഭ്യത കൂടുതലുള്ള കാലയളവിൽ മത്സ്യം സംഭരിച്ച് മത്സ്യത്തിന് ന്യായവില ഉറപ്പാക്കുന്നതിന്

| | | | |
|---|---|---|---|
| | | | എല്ലാ ഹാർബറുകളിലും കോൾഡ് സ്റ്റോറേജുകളും, ഫ്രീസിംഗ് പ്ലാന്റുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ പരിഗണിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ